<u>പതിനാലാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *527. 19.05.2017 ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിദഗ്ധ സമിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, അബ്ദുൽ ഹമീദ് പി.<br>,, സി.മമ്മൂട്ടി<br>,, ടി.എ.അഹമ്മദ് കബീർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗക്രമത്തിൽ വന്ന മാറ്റത്തെക്കുറിച്ച് പഠിക്കാൻ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിദഗ്ധ സമിതിയെ നിയോഗിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) | നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിദഗ്ധ സമിതിയെ അടിയന്തരമായി നിയോഗിക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | മദ്യശാലകൾ പൂട്ടുന്നതുകൊണ്ട് വ്യാജമദ്യ ഉപഭോഗവും മയക്കുമരുന്നുകളുടെ ഉപയോഗവും വർദ്ധിക്കുമെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ ഏത് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം അഭിപ്രായ രൂപീകരണം നടത്തിയതെന്ന് വ്യക്തമാക്കുമോ? | (സി) | മദ്യ വില്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചതായി തെളിയിക്കുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ മുൻ മാസത്തെ അപേക്ഷിച്ച് 2017 ഏപ്രിൽ മാസം എക്സൈസ് വകുപ്പ് കണ്ടെടുത്ത വ്യാജമദ്യം മയക്കുമരുന്നുകൾ തുടങ്ങിയവയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് |

സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വ്യാജമദ്യം/ മയക്കുമരുന്ന് | 2017 മാർച്ച് മാസം പിടിച്ചെടുത്ത അളവ് | 2017 ഏപ്രിൽ മാസം പിടിച്ചെടുത്ത അളവ് |
|---|---|---|
| സ്പിരിറ്റ്(ലിറ്റർ) | 2.5 | 1339 |
| ചാരായം(ലിറ്റർ) | 255 | 419 |
| കോട (ലിറ്റർ) | 10619 | 34407 |
| അന്യ സംസ്ഥാന മദ്യം (ലിറ്റർ) | 785 | 1098 |
| കഞ്ചാവ് (കിലോഗ്രാം) | 74 | 63 |
| ഹാഷിഷ് (ഗ്രാം) | -- | 205 |
| ഹെറോയിൻ (ഗ്രാം) | – | 239.65 |
| ബ്രൗൺഷുഗർ (ഗ്രാം) | 4.13 | 2.1 |
| ഓപ്പിയം (ഗ്രാം) | 5 | 9 |
| കൊക്കൈൻ (ഗ്രാം) | - | 11 |
| എം.ഡി.എം.എ ക്രിസ്റ്റൽ (ഗ്രാം) | - | 47 |
| എം.ഡി.എം.എ ഓയിൽ (ഗ്രാം) | - | 3 |
| നൈട്രൈസെഫാം (ടാബ്ലറ്റ്) | 247 | 967 |

സെക്ഷൻ ഓഫീസർ